# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3660
### 23.08.2017 ലെ മറുപടിയ്ക്ക്

### സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറിവഴിയാക്കുന്ന പദ്ധതി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അനിൽ അക്കര | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും പൂർണ്ണമായും ട്രഷറി വഴിയാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ശമ്പളവും പെൻഷനും സുഗമമായി വിതരണം നടത്തുവാനുള്ള സംവിധാനം ട്രഷറികളിൽ ഒരുക്കിയിട്ടുണ്ടോ; | എല്ലാ ജീവനക്കാർക്കും റ്റി.എസ്.ബി. എന്ന ആശയത്തിന്റെ ഭാഗമായി ഇ-റ്റി.എസ്.ബി. സംവിധാനം പരീക്ഷണാടി സ്ഥാനത്തിൽ ധനകാര്യ വകുപ്പിലും, ട്രഷറി വകുപ്പിലും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. എല്ലാ സർക്കാർ ജീവനക്കാരുടെയും ശമ്പളം അവരുമായി ബന്ധപ്പെട്ട ട്രഷറികളിൽ ജനറേറ്റ് ചെയ്യപ്പെടുന്ന ഇ-റ്റി.എസ്.ബി. അക്കൗണ്ടുകളിലേക്ക് ആദ്യം ക്രെഡിറ്റ് ചെയ്യപ്പെടുകയും, തുടർന്ന് ജീവനക്കാരുടെ ബന്ധപ്പെട്ട റ്റി.എസ്.ബി./ബാങ്ക് അക്കൗണ്ടിലേക്ക് ആവശ്യാനുസരണം ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിവരുന്നു. ട്രഷറികളിൽ നിന്നും പെൻഷൻ വാങ്ങുന്ന പെൻഷൻകാർക്ക് പി.റ്റി.എസ്.ബി. സംവിധാനത്തിൽ ഏത് ട്രഷറിയിൽ നിന്നും സുഗമമായി പെൻഷൻ വാങ്ങുന്നതിനുള്ള സൗകര്യവും ട്രഷറി കോർ ബാങ്കിങ് സംവിധാനം വഴി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ബാങ്ക് വഴി ശമ്പളവും പെൻഷനും വാങ്ങിക്കൊണ്ടിരുന്നവർക്ക് പുതിയ സംവിധാനത്തിൽ ശമ്പളം/പെൻഷൻ ലഭിക്കുന്നതിന് എന്ത് ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | ബാങ്ക് വഴി ശമ്പളം വാങ്ങി വരുന്നവർക്ക് ട്രഷറികളിൽ തുടങ്ങുന്ന തങ്ങളുടെ ഇ-റ്റി.എസ്.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന ശമ്പള തുക അവരുടെ റ്റി.എസ്.ബി./ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് അവരുടെ റ്റി.എസ്.ബി./ബാങ്ക് അക്കൗണ്ടിൽ നിന്നുതന്നെ ഈ തുക പിൻവലിക്കാവുന്നതാണ്. ബാങ്ക് വഴി പെൻഷൻ സ്വീകരിക്കുന്ന പെൻഷൻകാർക്ക് തങ്ങളുടെ പെൻഷൻ ബന്ധപ്പെട്ട ബാങ്കിൽ നിന്നും തുടർന്നും സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

| | | |
|---|---|---|
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പ്രതിമാസം ശമ്പളം/പെൻഷൻ ഇനത്തിൽ എന്ത് തുക ട്രഷറിയിൽ നീക്കിയിരിപ്പ് ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്; | പരീക്ഷണാടിസ്ഥാനത്തിൽ ഇ-റ്റി.എസ്.ബി.സംവിധാനം ധനകാര്യ വകുപ്പിലും, ട്രഷറി വകുപ്പിലും മാത്രമേ നടപ്പിലാക്കിയിട്ടുള്ളു എന്നതിനാൽ ഇത് സംബന്ധിച്ച് മൊത്തത്തിൽ എത്ര തുക നീക്കിയിരിപ്പുണ്ടാകും എന്നത് സംബന്ധിച്ച് ഒരു വിലയിരുത്തൽ നിലവിലെ അവസ്ഥയിൽ സാധിക്കുന്നതല്ല. |
| (ഡി) | സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ പരിഷ്ക്കാരം എത്രമാത്രം സഹായകമാകുമെന്ന് വെളിപ്പെടുത്തുമോ? | നിലവിൽ റ്റി.എസ്.ബി. അക്കൗണ്ടിന് ലഭിക്കുന്ന പലിശ താരതമ്യേന കൂടുതലാണ്. ഉയർന്ന പലിശ ലഭിക്കുന്ന ഇ-റ്റി.എസ്.ബി.യിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന ശമ്പള തുക അതിൽത്തന്നെ നിലനിർത്തി, ആവശ്യത്തിനു മാത്രമുള്ള തുക പിൻവലിക്കാനോ, ബാങ്കിലേക്ക് മാറ്റുവാനോ മാത്രമേ ജീവനക്കാർ താല്പര്യപ്പെടുകയുള്ളു. ആയതിനാൽ ട്രഷറിയിൽ എസ്.ബി. നിക്ഷേപം വർദ്ധിക്കാനുള്ള സാധ്യത സംജാതമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ